"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ. എച്ച്. ബൈപ്പാസ് റോഡിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 594/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1412/2025/LSGD തീയതി, തിരുവനന്തപുരം, 06-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 594/2009 നമ്പർ കേസിന്മേലുള്ള 23/05/2013 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി)നം. 32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/04/2023 തീയതിലെ എ3/2817/2007/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21/04/2025 തീയതിയിലെ കെ10-288774/20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം-എൻ.എച്ച് ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി പ്രസന്ന സുജാതൻ മുതൽപ്പേർ ഫയൽ ചെയ്തിരുന്ന എൽ.എ.ആർ. 594/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. ടി എൽ.എ.ആർ. കേസിന്റെ 31/07/2025 വരെയുള്ള ബാലൻസ് വിധിക്കടത്തുകയായ 21,18,918/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം-എൻ.എച്ച് ബൈപ്പാസ്

റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ ബ്ലോക്ക് നം. 35 സർവ്വേ നമ്പർ 442 (LA Re.Sy No.126) -ൽ ഉൾപ്പെട്ട 0.41 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി പ്രസന്ന സുജാതൻ മുതൽപ്പേർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 594/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 21,18,918/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനെട്ടായിരത്തി തൊള്ളായിരത്തി പതിനെട്ട് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീമതി പ്രസന്ന സുജാതൻ, (W/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം), ശ്രീ. മണി സുജാതൻ (S/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം), ശ്രീ. വെങ്കിടേഷ് (S/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം), ശ്രീ. മനോജ് സുജാതൻ (S/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം) എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി പ്രസന്ന സുജാതൻ, W/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം, (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. മണി സുജാതൻ, S/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം, (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. വെങ്കിടേഷ്, S/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം, (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
ശ്രീ. മനോജ് സുജാതൻ (S/o സുജാതൻ, ഗംഗസരസ്, റ്റി.സി.6/1588, തിരുവനന്തപുരം, (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/4/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 06-06-2025 16:44:43
സെക്ഷൻ ഓഫീസർ